കൊയിലാണ്ടി മണ്ഡലത്തിലെ വികസന പദ്ധതികൾ

156 (4491) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ/പ്രവൃത്തികൾ എന്തെല്ലാം ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്ര ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് സഹിതം വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ/ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കോഴിക്കോട് റൂറലിലെ എ.ആർ. ക്യാമ്പിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. എം.ഒ.പി.എഫ്. 2011-12 വർഷത്തിൽ പയ്യോളി സർക്കിൾ ഓഫീസിനു വേണ്ടി 6.67 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്.

3. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് പയ്യോളി കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

4. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് സ്കീമിൽ ഉൾപ്പെടുത്തി കാപ്പാടിൽ 20 ലക്ഷം രൂപ ചെലവിൽ ടൂറിസ്റ്റ് പോലീസ് & പ്രൊട്ടക്ഷൻ സെന്റർ പണിയുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേഷൻ കുബേര

157 (4492) ശ്രീ. എളമരം കരീം :
ശ്രീ. എം. ഹംസ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബ്ലേഡ്/വട്ടിപ്പലിശക്കാർ ഇപ്പോഴും പ്രവർത്തിച്ചുവരുന്നതായി അറിയാമോ ; വായ്പ ആവശ്യക്കാർക്ക് ഇത്തരക്കാരെ ആശ്രയിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പ്രഖ്യാപിച്ച 'ഋണമുക്തി' പദ്ധതി തികഞ്ഞ പരാജയമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കുടുംബശ്രീയും സഹകരണ സംഘങ്ങളും വഴി വായ്പാ ആനുകൂല്യങ്ങൾ നിറവേറ്റാൻ കഴിയുന്ന നിലയിൽ പലിശ സബ്സിഡി തുടക്കത്തിൽ തന്നെ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വൻകിട ബ്ലേഡ് പലിശക്കാരുടെ സ്വാധീനംമൂലം അത്തരക്കാർക്കെതിരെ പരാതി പറയാൻ വായ്പക്കാർ ഭയപ്പെടുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേര പദ്ധതി നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്ത് ബ്ലേഡ്/വട്ടിപ്പലിശക്കാരുടെ പ്രവർത്തനങ്ങൾ കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലളിതമായ വായ്പാ വ്യവസ്ഥയും പെട്ടെന്ന് പണം ലഭിക്കുവാനുള്ള സാഹചര്യവും കാരണമാണ് ഇത്തരക്കാരെ സാധാരണക്കാർ ആശ്രയിക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ട്.

(ബി) അത്തരത്തിലൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓപ്പറേഷൻ കുബേര

158 (4493) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കൊട്ടാരക്കര പോലീസ് സ്റ്റേഷൻ പരിധിയിൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;